LIBRARY ARCHIVES Kerala Legislative Assembly

തളിപ്പറമ്പിൽ കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസ്

175 (1138) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് ആസ്ഥാനമായി കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിലേക്കായി നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) താലൂക്ക് ആസ്ഥാനമെന്ന നിലയിലും മലയോരമേഖലയുടെ കേന്ദ്രമെന്ന നിലയിലും തളിപ്പറമ്പിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഡിവിഷൻ ഓഫീസ് അടിയന്തരമായി രൂപീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തളിപ്പറമ്പിൽ കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

കുടംകുളം വൈദ്യുതി വിതരണ പദ്ധതി

176 (1140) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടംകുളം ആണവനിലയത്തിൽ നിന്ന് കേരളത്തിലേക്കുള്ള വൈദ്യുതിവിതരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ നയം എന്താണ് ;

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ ;

(സി) ഭൂമി നൽകുന്നവർക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകിയിട്ടുണ്ടോ ;

(ഡി) ഇതിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരവും, ഇന്ത്യൻ ടെലിഗ്രാഫിക് ആക്ട് 1885 പ്രകാരവും ലൈൻ വലിക്കുന്നതിനായി ഭൂമി ഏറ്റെടുക്കാറില്ല.

(സി) ഇന്ത്യൻ ടെലിഗ്രാഫിക് ആക്ട് 1885 പ്രകാരവും, ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരവും, ലൈൻ വലിക്കുന്നതിന്റെ ഭാഗമായി വരുന്ന നഷ്ടങ്ങൾക്ക് നഷ്ട പരിഹാരം നൽകി വരുന്നു. കൂടാതെ റവന്യൂ വകുപ്പിന്റെ വിലയിരുത്തലനുസരിച്ച് നിർമ്മാണ പ്രവർത്തനം മൂലം വൃക്ഷങ്ങൾക്കും, ധാന്യവിളകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ട പരിഹാരം നൽകി വരുന്നു.